20 (460) എസ്.എസ്.എൽ.സി പരീക്ഷയുടെ റാങ്ക് നിർണയം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിർണ്ണയത്തിൽ എന്തെങ്കിലും പരിഷ്ക്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി കമ്മിറ്റിയെ നിയമിക്കുകയുണ്ടായോ, വിശദമാക്കുമോ;

(സി) ഏതെല്ലാം രീതിയിലുള്ള പരിഷ്ക്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

21 (461) എസ്.എസ്.എൽ.സി പരീക്ഷയിലെ ക്രമക്കേടുകൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിലെ ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയിൽ കോപ്പിയടി തടയുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ അപര്യാപ്തമാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കോപ്പിയടി തടയുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഏകദേശം 2000-ൽപ്പരം വിദ്യാർത്ഥികളുടെ പേരിൽ പരീക്ഷാ ക്രമക്കേടുകൾക്ക് നടപടി സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്.

(സി) ഡെപ്യൂട്ടി ഡയറക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഉൾക്കൊള്ളുന്ന സ്ക്വാഡുകളാണ് പരീക്ഷാ കേന്ദ്രങ്ങൾ സന്ദർശിച്ച് ക്രമക്കേടുകൾ കണ്ടുപിടിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സംസ്ഥാന തലത്തിൽ അഡീഷണൽ ഡി.പി.ഐ. (ജനറൽ), അഡീഷണൽ ഡി.പി.ഐ. (അക്കാഡമിക്), ജോയിന്റ് ഡയറക്ടർ,

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി ഡയറക്ടർ (എംപ്ലോയ്മെന്റ്), ഡെപ്യൂട്ടി ഡയറക്ടകർ (ക്യൂ.ഐ.പി) എന്നിവർ അടങ്ങുന്ന ഒരു സൂപ്പർ സ്കാഡ് പരീക്ഷാ സംബന്ധമായ ക്രമക്കേടുകൾ കണ്ടുപിടിക്കുവാൻവേണ്ടി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ&എഫ്) കഴിഞ്ഞ കാലങ്ങളിലെ പരീക്ഷാ ക്രമക്കേടുകൾ കണ്ടുപിടിക്കാനുള്ള സ്കാഡുകളുടെ പ്രവർത്തനം അത്ര ഫലപ്രദമല്ലെന്ന് കണ്ടതിനാലാണ് ഇപ്രാവശ്യവും ജില്ലാ കളക്ടറെക്കൂടി ഉൾപ്പെടുത്തി ജില്ലാതല എക്സാമിനേഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയിൽ ജില്ലാകളക്ടർ ചെയർമാനും ഡി.ഡി.ഇ. കൺവീനറും ഡി.ഇ.ഒ മാർ എ.ഇ.ഒ മാർ എന്നിവർ അംഗങ്ങളുമാണ്. ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുമുള്ള ചുമതല ഇവരിൽ നിക്ഷിപ്തമാണ്.

22 (462) എസ്.എസ്.എൽ.സി ക്ക് കോപ്പിയടി തടയാനുള്ള നടപടി

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ കോപ്പിയടി തടയുവാൻ റവന്യൂ ഉദ്യോഗസ്ഥരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) അദ്ധ്യാപകരെ ലഭിക്കാത്തതുകൊണ്ടാണോ ഇത്തരത്തിൽ തീരുമാനമെടുത്തത്;

(സി) അദ്ധ്യാപകരുടെ മനോവീര്യം നശിപ്പിക്കുന്ന ഈ നടപടി പിൻവലിക്കുമോ?

ഉത്തരം

(എ) മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ വർഷം കോപ്പിയടി കർശനമായി നിയന്ത്രിക്കുവാൻ ജില്ലാ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ചെയർമാനായും, ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ കൺവീനർമാരായും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ മെമ്പർമാരായും ഒരു ജില്ലാതല എക്സാമിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയ്ക്കായിരിക്കും ഇനിമേൽ സ്കൂളുകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാനും തടയാനുമുള്ള ചുമതല.

(ബി) അദ്ധ്യാപകരെ സാധാരണയായി എല്ലാ വർഷവും പരീക്ഷാ ഡ്യൂട്ടിക്ക് ചീഫ് സൂപ്രണ്ടായും ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായും ഇൻവിജിലേറ്റേഴ്സായുമാണ് നിയമിക്കാറുള്ളത്. മേൽപ്പറഞ്ഞ ഡ്യൂട്ടികൾക്കുവേണ്ടി മിക്കവാറും എല്ലാ അദ്ധ്യാപകരുടെയും സേവനം ആവശ്യമായതുകൊണ്ടാണ് അവരെ കോപ്പിയടി പിടിക്കുവാനുള്ള സ്കാഡിൽ നിയമിക്കാത്തത്.

(സി) വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് ജില്ലാ കളക്ടർമാരെ ചെയർമാൻമാരായി നിയമിച്ചുകൊണ്ടുള്ള ജില്ലാതല സ്കാഡ് രൂപീകരിച്ചത്. ജില്ലാ കളക്ടറെ ചെയർമാനായി നിയമിച്ചു എന്നതൊഴിച്ചാൽ ജില്ലാതല സ്കാഡിൽ മുൻകൊല്ലങ്ങളിലുണ്ടായിരുന്ന അംഗ

LIBRARY ARCHIVES Kerala Legislative Assembly